# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2889** **20.06.2013-ൽ മറുപടിക്ക്**

## എഫ്.എം.എസ്. സോഫ്ട്‌വെയർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) പൊതുമരാമത്ത് വകുപ്പിൽ, വകുപ്പ്തല ആവശ്യത്തിലേക്ക് എഫ്. എം .എസ്. സോഫ്ട്‌വെയർ നിർമ്മിക്കുന്നതിന് ഏത് അംഗീകൃത ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; എന്തു തുകയ്ക്കാണ് എഗ്രിമെന്റ് ഉറപ്പിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) കെ.എസ്.ടി.പി ഒന്ന് പദ്ധതിയിൽ പ്പെടുത്തി എഫ്.എം.എസ്. എന്ന സോഫ്ട്‌വെയർ തയ്യാറാക്കുന്നതിന് M/s Accel Front Line Ltd. എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചത്. 17.50 ലക്ഷം രൂപയ്ക്കാണ് എഗ്രിമെന്റ് വച്ചിരിക്കുന്നത്. |
| (ബി) പ്രസ്തുത സോഫ്ട്‌വെയർ ഏതൊക്കെ ഓഫീസുകളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്; ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ഈ സോഫ്ട്‌വെയർ മെയിന്റനൻസ് നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (ബി) മാർച്ച് 2010-മുതൽ പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ സബ് ഡിവിഷൻ ഓഫീസുകളിലും ഡിവിഷൻ ഓഫീസുകളിലും സർക്കിൾ ഓഫീസുകളിലും നിലവിലുള്ള സംവിധാനത്തോടൊപ്പം എഫ്.എം.എസ്. സോഫ്ട്‌വെയർ ഉപയോഗിക്കുന്നുണ്ട്. ടി സോഫ്ട്‌വെയറിന്റെ പ്രവർത്തനത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2012 മാർച്ച് 31 വരെ സോഫ്ട്‌വെയർ വികസിപ്പിച്ച കമ്പനിതന്നെയാണ് മെയിന്റനൻസ് നിർവഹിച്ചിരുന്നത്. പോരായ്മകൾ പരിഹരിക്കുന്നതിന് ടി സ്ഥാപനം വേണ്ടത്ര കാര്യക്ഷമത പുലർത്താത്തതിനാൽ പുതിയ സ്ഥാപനത്തെ ഏൽപിക്കുന്നതിനുള്ള ആലോചന നടന്നു വരുന്നു. |
| (സി) പ്രസ്തുത സോഫ്ട്‌വെയർ ഇംപ്ലിമെന്റ് ചെയ്യുന്നതിനായി വാങ്ങിയ ഹാർഡ്‌വെയർ എക്യുപ്മെന്റുകൾ ഏതെല്ലാം; ഇതിനായി ഡിപ്പാർട്ടുമെന്റ് എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (സി) കമ്പ്യൂട്ടർ, യു.പി.എസ്, എ3 മൾട്ടി ഫങ്ഷണൽ ലെയ്സർ പ്രിന്റർ തുടങ്ങിയ ഉപകരണങ്ങൾക്കായി 2,0267,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ